# File No.LSGD-ERA1/164/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - ആരോഗ്യ വകുപ്പിൽ നിന്നും പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സക്കീർ ഹുസൈനെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2463/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/12/2020**

---

പരാമർശം:- 1 07.04.2018 ലെ സ.ഉ(സാധാ)നം.982/18/തസ്വഭവ.

2 16.10.2019 -ലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഇ ഡി 1-11827/2018/ആവഡ നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

3 26.09.2019 ലെ സ.ഉ(സാധാ)നം.2082/2019/തസ്വഭവ.

4 03.09.2020 -ലെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഇ ഡി 1-11827/2018/ ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

സൂചന (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ ജീവനക്കാരനായ ശ്രീ.സക്കീർ ഹുസൈനെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ നിയമനം നൽകികൊണ്ട് ഉത്തരവായിരുന്നു. ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ശ്രീ സക്കീർ ഹുസൈന്റെ സേവനം അത്യന്താപേക്ഷിതമാണെന്നും അതിനാൽ ശ്രീ.സക്കീർ ഹുസൈനെ മാതൃവകുപ്പിലേക്ക് തിരികെ അയക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സൂചന (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടിയാനെ മാതൃവകുപ്പിലേക്ക് തിരികെ അയക്കുന്നതിനുപകരം ആളെ പുനർവിന്യസിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പിന് നിർദേശം നൽകിയിരുന്നു . എന്നാൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ധാരാളം ജോലികൾ ചെയ്തുതീർക്കേണ്ടതിനാൽ ആസ്ഥാന കാര്യാലയത്തിൽ ശ്രീ. സക്കീർ ഹുസൈന്റെ സേവനം ലഭ്യമാകുന്നതിന് ടി യാനെ അടിയന്തിരമായി മാതൃവകുപ്പിലേക്ക് തിരികെ അയക്കണമെന്ന് സൂചന (4) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിലവിൽ കോവിഡ് മഹാമാരി വ്യാപിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ അഭാവം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുവാൻ ഇടയാക്കുമെന്നത് പരിഗണിച്ച് ആരോഗ്യ വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന പാമ്പാടി ബ്ലോക്ക് പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സക്കീർ ഹുസൈനെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നവീൻ കൃഷ്ണൻ ജി ഐ**

**അണ്ടർ സെക്രട്ടറി**

ശ്രീ സക്കീർ ഹുസൈൻ, ക്ലാർക്ക് , പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ( വകുപ്പ മേധാവി മുഖേന )
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ,തിരുവനന്തപുരം
സെക്രട്ടറി, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്.( വകുപ്പ മേധാവി മുഖേന )
ആരോഗ്യവകുപ്പ് , ഗവണ്മെന്റ് സെക്രട്ടേറിയറ്റ്.
ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ